പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1101 — 25.01.2018-ൽ മറുപടിയ്ക്ക്

# എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ് :<br>ശ്രീ.എം.വിൻസെന്റ്: | ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പിനു കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് കൂടുതൽ ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയ സാഹചര്യത്തിൽ എക്സൈസ് ഫീൽഡ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്ത അബ്കാരി കേസുകളിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (സി) ഉണ്ട്. 2016 ജൂൺ മുതൽ 2017 ഡിസംബർ വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 37605 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കാലയളവിൽ പ്രതിമാസം ശരാശരി 1980 |

| | | |
|---|---|---|
| | | കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് ഒരു വർഷത്തെ കാലയളവിൽ ശരാശരി 1460 അബ്കാരി കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. |
| (ഡി) | എക്സൈസ് ചെക്ക് പോസ്റ്റുകൾ (ഡി) ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനും അവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | എക്സൈസ് ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 10 ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ ഡസ്റ്റ് മാസ്കുകൾ, കുടകൾ, ട്രാഫിക് കോണുകൾ, ഫ്ലൂറസെന്റ് ജാക്കറ്റുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രാത്രി കാലങ്ങളിൽ വാഹന പരിശോധന സുഗമമായി നടത്തുന്നതിലേക്കായി 25 ചെക്ക് പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും, വൈദ്യുതീകരിച്ചിട്ടില്ലാത്ത 2 ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിങ് സിസ്റ്റവും |

സ്ഥാപിച്ചിട്ടുണ്ട്. 20 ചെക്ക് പോസ്റ്റുകളുടെ ഉപയോഗത്തിനായി 20 മോട്ടോർ ബൈക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി ക്യാമറകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ.**